(സി) റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ സർവ്വേ അദാലത്ത് സംഘടിപ്പിക്കുകയും LRM, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 31-10-2014 വരെ ലഭിച്ചതുമായ 4,76,377 അപേക്ഷകളിൽ 4,75,796 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാകളക്ടർമാർ സ്വീകരിച്ചിട്ടുള്ളതുമാണ്.

റീ-സർവ്വേ അദാലത്തുകൾ

212 (1295) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീ-സർവ്വേ അദാലത്തിൽ പരിഹരിക്കപ്പെടാത്ത എത്ര അപേക്ഷകൾ ഉണ്ട് ; പരിഹരിക്കുന്നതിന് കാലതാമസം നേരിടുന്നതെന്ത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) റീ-സർവ്വേ നടപടികളിലൂടെയും അദാലത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ പരിഹാര നടപടികളിലൂടെയും സർക്കാർ പുറമ്പോക്കുകളോ തരിശുകളോ സ്വകാര്യ വ്യക്തികൾക്ക് നൽകുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടോ; ഇത്തരം അപാകതകൾ ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 5002 പരാതികൾ, സർവ്വേ ജീവനക്കാരുടെ കുറവും മുൻ സർവ്വേ റിക്കാർഡുകളുടെ അഭാവവും കൂട്ടനാട് പോലുള്ള പ്രദേശങ്ങളിൽ കാലാവസ്ഥാപരമായി സീസൺകൂടി പരിഗണിക്കേണ്ടതുമാകയാൽ പരാതികൾ പരിഹരിക്കാൻ കാലതാമസം നേരിടാറുണ്ട്.

(ബി) ഇല്ല. നാളത്ത റവന്യൂ രേഖകൾ പരിശോധിച്ച് നിയമാനുസൃത സർവ്വേ നടപടികളുടെ ആരംഭത്തിൽതന്നെ സർക്കാർ ഭൂമി സർക്കാർ ഉടമസ്ഥതയിൽ നിർത്തിയാണ് റീ-സർവ്വേ നടപടികളും റിസർവ്വേ പരാതി പരിഹാര നടപടികളും സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly